# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 844 30/06/2015 ൽ മറുപടിയ്ക്ക്

**<u>പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ചെറുകിട ജലസേചന പദ്ധതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പണിത അക്വഡക്റ്റുകളിൽ പലതും അപായകരമായ രീതിയിൽ പൊളിഞ്ഞുവീഴാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവയുടെ അറ്റകററപ്പണി നടത്തി ജലസേചന സൗകര്യം ഒരുക്കാൻ പദ്ധതി ആവിഷ്കരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്വാഡക്ടുകൾ പരിശോധിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) ചെറുകിട ജലസേചന പദ്ധതികളിൽ പലതും കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കണ്ണൂർ ജില്ലയിൽ പ്രവർത്തനക്ഷമമായ എത്ര ചെറുകിട ജലസേചന പദ്ധതികൾ ഉണ്ട് ; പ്രവർത്തനം നിലച്ചവയെത്ര ; അവയുടെ പുനർനിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) ചെറുകിട ജലസേചന പദ്ധതികളിൽ പലതും കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ക്ലാസ്സ് -1 ൽ പ്പെട്ട 23 ചെറുകിട ജലസേചന പദ്ധതികൾ ഉണ്ട്. അവയിൽ 6 എണ്ണം പ്രവർത്തനം നിലച്ചവയാണ്. പഞ്ചായത്തിൽ നിന്നുള്ള പ്രമേയം ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ